## പാഠം – 1

# പള്ളിക്കൂടത്തിലേക്ക്

### പ്രവർത്തനം – 1 ചിത്രവായന

അദ്ധ്യാപിക: പാഠപുസ്തകം തുറന്ന് കവിതയോടൊപ്പമുള്ള ചിത്രം നോക്കാൻ പഠിതാക്കളെ പ്രോത്സാഹിപ്പിക്കുന്നു. കുട്ടികൾ പാഠപുസ്തകത്തിലെ ചിത്രം നിരീക്ഷിക്കുന്നു. (നിരീക്ഷണത്തിന് 5 മിനിറ്റ്) ഓരോ കുട്ടിയും ചിത്രത്തിൽ കണ്ട ഓരോ കാര്യം പറയുന്നു. കുട്ടികൾ പറയുന്നത് അദ്ധ്യാപിക ബോർഡിൽ എഴുതുന്നു. കുട്ടികൾക്ക് കണ്ടെത്താൻ കഴിയാതിരുന്നതുണ്ടെങ്കിൽ അദ്ധ്യാപിക എഴുതി ച്ചേർക്കുന്നു. ബോർഡിൽ എഴുതിയതെല്ലാം ഓരോരുത്തരായി കുട്ടികൾ വായിക്കുന്നു. കവിതയിലെ ഉള്ള ടക്കം എന്തായിരിക്കുമെന്ന് ഊഹിച്ചു പറയാൻ അദ്ധ്യാപിക പഠിതാക്കളെ പ്രോത്സാഹിപ്പിക്കുന്നു. അവ രുടെ പ്രതികരണത്തിനു ശേഷം അദ്ധ്യാപിക ചാർട്ടിൽ എഴുതിയ കവിത ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. ഓരോ വരിയും തൊട്ട് ടീച്ചർ ഈണത്തിലും താളത്തിലും കവിത ചൊല്ലുന്നു. കുട്ടികൾ ഏറ്റു ചൊല്ലുന്നു. കുട്ടികൾക്ക് കവിതാ വരികൾ പരിചിതമായി കഴിയുമ്പോൾ ചെറുഗ്രൂപ്പുകളായി വന്ന് ചാർട്ടിൽ നോക്കി കവിത ചൊല്ലുന്നു. തുടർന്ന് ഓരോരുത്തരായി ചാർട്ടിൽ നോക്കി വരികൾ തൊട്ട് കവിത ചൊല്ലുന്നു.

### പ്രവർത്തനം – 2 മൗനവായന

പഠിതാക്കൾ പാഠപുസ്തകത്തിൽ നോക്കി കവിത മൗനമായി വായിക്കുന്നു. വായനക്കിടയിൽ വരുന്ന കഠിനപദങ്ങൾ അടയാളപ്പെടുത്തുന്നു. വായനയ്ക്കു ശേഷം കണ്ടെത്തിയ കഠിനപദങ്ങൾ അദ്ധ്യാപിക ബോർഡിൽ എഴുതുന്നു. ബോർഡിൽ എഴുതിയ പദങ്ങൾ ഉച്ചാരണശുദ്ധിയോടെ അദ്ധ്യാപിക വായിക്കു ന്നു. തുടർന്നു കുട്ടികൾ വായിക്കുന്നു. പാഠപുസ്തകത്തിൽ നോക്കി ഓരോരുത്തരായി കവിത ചൊല്ലു ന്നു.

### പ്രവർത്തനം – 3 ചോദ്യം നിർമ്മിക്കാം

കവിത മൗനമായി വായച്ച് പഠിതാക്കൾ ഒറ്റയ്ക്ക് ചോദ്യങ്ങൾ നിർമ്മിച്ച് നോട്ട് ബുക്കിൽ എഴുതു ന്നു. തുടർന്ന് കുട്ടികളെ രണ്ട് ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പിലേയും അംഗങ്ങൾ തയ്യാറാക്കിയ ചോദ്യ ങ്ങളിൽ നിന്ന് 10 ചോദ്യങ്ങൾ തെരഞ്ഞെടുത്ത് ഓരോ ഗ്രൂപ്പും പൊതു ചോദ്യാവലി നിർമ്മിക്കുന്നു.

### പ്രവർത്തനം – 4 ചോദ്യോത്തരപ്പയറ്റ്

ഇപ്പോൾ ഓരോ ഗ്രൂപ്പിനും 10 ചോദ്യങ്ങൾ വീതമുള്ള ഓരോ ചോദ്യാവലിയുണ്ട്. രണ്ടു ഗ്രൂപ്പും അഭിമുഖമായി നിന്ന് ചോദ്യോത്തരപ്പയറ്റ് തുടങ്ങുന്നു. എ ഗ്രൂപ്പിന്റെ ചോദ്യത്തിനു ബി ഗ്രൂപ്പ് ശരിയു ത്തരം പറഞ്ഞാൽ 1 പോയിന്റ് ടീച്ചർ ബോർഡിൽ എഴുതുന്നു. ഇനി ചോദ്യം ബി ഗ്രൂപ്പിന്റെതാണ്. ചോദ്യോത്തരപ്പയറ്റ് പൂർണ്ണമാകുമ്പോൾ കൂടുതൽ പോയിന്റ് കിട്ടിയ ഗ്രൂപ്പിനെ എല്ലാവരും ചേർന്ന് അഭിനന്ദി ക്കുന്നു. ഓരോ ഗ്രൂപ്പിലെയും പരമാവധി കുട്ടികൾക്ക് ചോദിക്കാനും ഉത്തരം പറയാനും അവസരം നൽക ണം. ഉത്തരം ശരിയോ തെറ്റോ എന്ന് നിർണ്ണയിക്കേണ്ടത് അദ്ധ്യപികയാണ്.

### പ്രവർത്തനം – 5 കണ്ടെത്താം എഴുതാം

ചോദ്യോത്തരപ്പയറ്റിനു ശേഷം ഓരോരുത്തരും നിർമ്മിച്ച ചോദ്യങ്ങളുടെ ഉത്തരം പാഠപുസ്തക ത്തിൽ നിന്നു കണ്ടെത്തി എഴുതുന്നു. അദ്ധ്യാപിക കുട്ടികളുടെ ഉത്തരങ്ങൾ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ നിർദ്ദേശിക്കുന്നു.

## പാഠം 2

# പെരുന്തച്ചന്റെ പ്രതികാരം

അദ്ധ്യാപിക ക്ലാസ്സിൽ ഒരു വീടിന്റെ ചിത്രം പ്രദർശിപ്പിക്കുന്നു. കുട്ടികൾ ചിത്രം തിരിച്ചറിയുന്നു. അദ്ധ്യാപിക മാതൃകാപരമായി തന്റെ വീടിനെപ്പറ്റി പറയുന്നു. തുടർന്ന് കുട്ടികൾ ഓരോരുത്തരായി അവരുടെ വീടുകളെപ്പറ്റി പറയുന്നു.

അദ്ധ്യാപിക : ഒരു വീട് നിർമ്മിക്കാൻ ആരൊക്കെ വേണം? (കുട്ടികൾ പ്രതികരിക്കുന്നു) കൽപ്പണിക്കാർ, മരപ്പണിക്കാർ, വാർക്കപ്പണിക്കാർ, ടൈൽപണിക്കാർ, പെയിന്റ് പണിക്കാർ എന്നിങ്ങനെ കുട്ടികൾ പറയുമ്പോൾ അദ്ധ്യപിക ബോർഡിൽ എഴുതുന്നു. മരപ്പണിക്കാർ എന്നു പറയുമ്പോൾ തച്ചൻമാർ എന്നുകൂടി കുട്ടികളെ പരിചയപ്പെടുത്തണം.

**പ്രവർത്തനം : 2 ചിത്രവായന**

അദ്ധ്യാപിക : കഥ കേൾക്കാൻ എല്ലാവർക്കും ഇഷ്ടമാണോ? ഞാനൊരു കഥ പറയാം.

അദ്ധ്യാപിക ഭാവാഭിനയത്തോടെ ഒരു കഥ പറയുന്നു. അതിനു ശേഷം അതിൽ നിന്ന് ഒന്ന് രണ്ട് ചോദ്യങ്ങൾ ചോദിക്കുന്നു. തുടർന്ന് കഥ പറയാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. കുട്ടികളുടെ കഥ പറച്ചിലിനു ശേഷം അദ്ധ്യാപിക പാഠപുസ്തകം തുറന്ന് പാഠഭാഗത്തോടൊപ്പമുള്ള ചിത്രം നിരീക്ഷിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. 5 മിനിറ്റിനു ശേഷം ഓരോരുത്തരായി ചിത്രത്തെ അടിസ്ഥാനമാക്കി പ്രതികരിക്കുന്നു. അദ്ധ്യാപിക അത് ബോർഡിൽ എഴുതുന്നു.

അദ്ധ്യാപിക : നമ്മൾ വീണ്ടും ഒരു പുതിയ കഥയിലേക്ക് കടക്കുകയാണ്. (കുട്ടികൾ പുസ്തകം അടച്ചുവയ്ക്കുന്നു)

അദ്ധ്യാപിക പാഠപുസ്തകമില്ലാതെ ഭാവാഭിനയത്തോടെ പാഠഭാഗം അവതരിപ്പിക്കുന്നു. അവതരണത്തിനു ശേഷം കഥയിൽ നിന്ന് ലളിതമായ ഒന്നു രണ്ട് ചോദ്യങ്ങൾ പൊതുവായി ചോദിക്കുന്നു.

**പ്രവർത്തനം : 3**

കുട്ടികൾ പാഠപുസ്തകത്തിൽ നോക്കി മൗനവായന നടത്തുന്നു. അപരിചിത പദങ്ങൾ അടയാളപ്പെടുത്തുന്നു.

**പ്രവർത്തനം : 4**

അദ്ധ്യാപിക മാതൃകാ വായന നടത്തുമ്പോൾ കുട്ടികൾ പാഠപുസ്തകത്തിൽ നോക്കി വായനയെ പിന്തുടരുന്നു. അടയാളപ്പെടുത്തിയ പദങ്ങൾ ശ്രദ്ധിക്കണമെന്ന് മാതൃകാ വായനക്കു മുമ്പായി അദ്ധ്യാപിക നിർദ്ദേശിക്കുന്നു.

**പ്രവർത്തനം : 5**

കുട്ടികളെ ഓരോരുത്തരെയായി അദ്ധ്യാപിക ശബ്ദവായനയ്ക്കു പ്രോത്സാഹിപ്പിക്കുന്നു. ഓരോ കുട്ടിയും വായിക്കുമ്പോൾ നേരിടുന്ന പ്രയാസം അദ്ധ്യാപിക ശ്രദ്ധിക്കുകയും അത്തരം പദങ്ങൾ ബോർഡിൽ എഴുതുകയും ചെയ്യുന്നു. ബോർഡിലെ പദങ്ങൾ പ്രയാസമില്ലാലെ വായിക്കാൻ കഴിയുന്നവരെക്കൊണ്ട് ശബ്ദവായന നടത്തുമ്പോൾ മറ്റുള്ളവർ പാഠഭാഗത്തു ശ്രദ്ധിച്ചിരിക്കുന്നു. ക്ലാസ്സിലെ പരമാവധി കുട്ടികളുടെ ഒഴുക്കോടെ പാഠഭാഗം വായിക്കാൻ കഴിയുവന്നതുവരെ ഈ പ്രവർത്തനം തുടരുന്നു. വായനാശേഷി നേടിയവർക്ക് പാഠപുസ്തകത്തിലെ അഭ്യാസപ്രവർത്തനങ്ങൾ നൽകാം.